Page 1 of 14

ശ്രീമതി പി. അയിഷാ പോറ്റി, ശ്രീമതി ജമീലാ പ്രകാശം എന്നീ അംഗങ്ങളെ ചെയർ ശാസിക്കുന്നു. മേലിൽ ഇത്തരത്തിലുള്ള നടപടികൾ അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായാൽ കർശന നടപടി സ്വീകരിക്കുവാൻ ചെയർ നിർബന്ധിതനാകും എന്നുകൂടി അംഗങ്ങളെ ഓർമ്മിപ്പിക്കുകയാണ്. സഭയുടെ അന്തസ്സും ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും നിലനിർത്താൻ എല്ലാ അംഗങ്ങളും ബാധ്യസ്ഥരാണെന്നുള്ള വസ്തുത ഓർമ്മിപ്പിച്ചുകൊണ്ട് സഭാനടപടി സുഗമമായി നടത്തുവാൻ എല്ലാവരുടേയും സഹകരണം ചെയർ അഭ്യർത്ഥിക്കുന്നു.

# III അടിയന്തര പ്രമേയം

## ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ അട്ടിമറി

മി. സ്പീക്കർ: ഓർഡിനൻസ് വഴി പിരിച്ചുവിടപ്പെട്ട 14 ജില്ലാ ബാങ്ക് ഭരണ സമിതികളിലേക്ക് ഫെബ്രുവരി മാസം 10, 11 തീയതികളിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ ഭരണസംവിധാനം ഉപയോഗിച്ച് അട്ടിമറി നടത്തുന്നതിനുള്ള ശ്രമങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. പി. ജയരാജൻ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിയമാനുസൃതമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2007-ൽ ഭൂരിപക്ഷം അംഗങ്ങളേയും ഒഴിവാക്കി തെരഞ്ഞെടുപ്പ് നടത്തിയത് ജനാധിപത്യപരമല്ലെന്നും എല്ലാ അംഗങ്ങൾക്കും വോട്ടവകാശം നൽകണമെന്നുള്ള സഹകാരികളുടെ പൊതു ആവശ്യം കണക്കിലെടുത്ത് സഹകരണ നിയമത്തിൽ ഭേദഗതി വരുത്തി എല്ലാവർക്കും വോട്ടവകാശം നൽകാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. ഇതിനെ ചോദ്യം ചെയ്ത് ഫയൽ ചെയ്ത എല്ലാ കേസുകളിലും ഹൈക്കോടതി ഈ ഭേദഗതി ശരിവയ്ക്കുകയാണുണ്ടായത്. 11-12-2007-ൽ നിലവിലുണ്ടായിരുന്ന എല്ലാ അംഗങ്ങൾക്കും വോട്ടവകാശം സിദ്ധിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ തെരഞ്ഞെടുപ്പ് നടത്തുന്നത് സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനാണ്. വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തിയ ശേഷം ആർക്കും അംഗത്വം നൽകിയിട്ടില്ല.

9.34.AM.]

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ, പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ മറുപടി പറയുകയാണ്. ഇത് ഭരണകക്ഷിക്കുംകൂടി വേണ്ടിയുള്ള മറുപടിയാണ്. നിങ്ങൾക്കാർക്കും ഇതിൽ താല്പര്യമില്ലെങ്കിൽ പിന്നെ എങ്ങനെയാണ്? സഭ തുടങ്ങിയിട്ട് ഒരു മണിക്കൂർ കഴിഞ്ഞതല്ലേയുള്ളൂ. നിങ്ങൾ ഇത്ര അസ്വസ്ഥരായാലോ?. അവർ, ഇവർ എന്നു പറയണ്ട. ഞാൻ സഭയിലെ മൊത്തം



LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങൾക്കുവേണ്ടിയാണ് സംസാരിച്ചത്. ഒരാൾ വരുമ്പോൾ അവരുടെ ചുറ്റും കൂടിനിന്ന് സംസാരിക്കുന്ന അംഗങ്ങൾകൂടി ശ്രദ്ധിക്കണം.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. തെരഞ്ഞെടുപ്പ് സംബന്ധിച്ച തർക്കങ്ങളിൽ ഇടപെടാൻ രജിസ്ട്രാർക്കോ സർക്കാരിനോ അധികാരമില്ല. തർക്കം ഉണ്ടാകുന്നപക്ഷം സഹകരണ ആർബിട്രേഷൻ കോടതി മുഖാന്തിരം അന്യായം ഫയൽ ചെയ്ത് പരിഹാരം കാണേണ്ടതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, സഹകരണ സംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ കേരളത്തിൽ പൊതുവെ ഭരണ-പ്രതിപക്ഷ വ്യത്യാസ

9.37.AM] മില്ലാതെ സഹകാരികളായിട്ടുള്ള എല്ലാവരും പരസ്പരം സഹകരിച്ച് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയ അനുഭവമാണ് മുൻകാലങ്ങളിൽ കേരളത്തിലുണ്ടായിട്ടുള്ളത്. തൃശ്ശൂരിൽവച്ച് സഹകരണ കോൺഗ്രസ്സ് ചേർന്നു. എല്ലാവരുടേയും ഒരു വേദി എന്ന നിലയിൽ സഹകരണ രംഗത്തെ നല്ലൊരു യോജിപ്പ് പ്രകടമായതായിരുന്നു ആ സമ്മേളനം. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണെങ്കിൽപ്പോലും പൊതുവേ സഹകരണ രംഗത്ത് സഹകരണാത്മകമായ മനോഭാവം വച്ചുപുലർത്തി പ്രവർത്തിച്ച പാരമ്പര്യമാണ് ഇവിടെ ഉണ്ടായിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി ജില്ലാ സഹകരണ ബാങ്കുകളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞത്, 2007-ൽ എല്ലാ സംഘങ്ങൾക്കും അംഗത്വം നൽകാതെ വന്നിട്ടുള്ള ഭരണസമിതി എന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെ അംഗീകരിച്ചിട്ടുള്ളതാണ് സഹകരണ ബാങ്കുകളിൽ ക്രെഡിറ്റ് സംഘങ്ങൾക്ക് അംഗത്വം കൊടുത്തുകൊണ്ട് പരിമിതപ്പെടുത്തുക എന്നുള്ളത്. അത് സഹകരണ കോൺഗ്രസ്സിലും ഉയർന്നുവന്നിട്ടുള്ള വിഷയമാണ്. അതിനെ അടിസ്ഥാനപ്പെടുത്തി അപ്പുറവും ഇപ്പുറവും ഇരിക്കുന്നവരെല്ലാം കൂടിച്ചേർന്ന് ഐകകണ്ഠ്യേന പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ ബാങ്കുകളിൽ ക്രെഡിറ്റ് സംഘങ്ങൾക്കുമാത്രം അംഗത്വം കൊടുക്കുക എന്ന തീരുമാനമെടുത്തത്. ആ നിലപാട് ഇവിടെ അംഗീകരിച്ച് പ്രവർത്തിച്ചുവന്നിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ജില്ലാ ബാങ്കുകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നിരുന്നത്.

ഇപ്പോൾ ഇവിടെ ഉയർന്നുവന്ന വിഷയം കേരളത്തിന്റെ സഹകരണ രംഗത്ത് യു.ഡി.എഫ്. അധികാരത്തിൽ വന്ന ഘട്ടങ്ങളിലെല്ലാം ജനവിരുദ്ധമായ ചില നിലപാടുകൾ സ്വീകരിച്ചുവെന്നതാണ്. പോലീസിനേയും ഗുണ്ടകളെയുമെല്ലാം ഉപയോഗിച്ചുകൊണ്ട് തെരഞ്ഞെടുപ്പിൽ അതിക്രമം കാണിച്ച് പ്രവർത്തിച്ചിട്ടുള്ള ഒരനുഭവം കേരളത്തിലുണ്ട്. ഒരു സഹകരണ സംഘം തെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയുടെ ഏജന്റായി ഞാൻ ബൂത്തിനകത്തിരുന്നു എന്ന കാരണത്താൽ പോലീസ് കമാന്റോകളെ ഉപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എന്നെ ബൂത്തിനകത്തിട്ട് തല്ലി ബോധം കെടുത്തിയിട്ടുള്ളതാണ് കേരളത്തിലെ പഴയ ചരിത്രം. ആ സ്ഥിതിയിലേയ്ക്കുതന്നെ വീണ്ടും ഇപ്പോൾ കേരളത്തിലെ സഹകരണ മേഖലയെ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കൂടിച്ചേർന്ന് തിരിച്ചുവിട്ടിരിക്കുകയാണ്. ഞാൻ ഇവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്ന കാര്യം, നമ്മുടെ സഹകരണ പ്രസ്ഥാനം കേരളത്തിലാകെ പടർന്നുപന്തലിച്ച് എല്ലാ മേഖലകളിലും വളരെയധികം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന ഒരു മഹത്തായ പ്രസ്ഥാനമാണ്. കേരളത്തിന്റെ സർവ്വവിധ വളർച്ചയ്ക്കും ആ പ്രസ്ഥാനം വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. ആ പ്രസ്ഥാനത്തെ പോലീസിനെയും ഗുണ്ടകളെയും ഉപയോഗിച്ച് കൈയൂക്കുകൊണ്ട് കീഴ്പ്പെടുത്താൻ പരിശ്രമിക്കരുത്. നിങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് ആ പ്രവൃത്തിയാണ്. ഇതാണ് ഇപ്പോൾ സഹകരണ രംഗത്ത് ഉയർന്നുവന്നിട്ടുള്ള വിഷയം. ഞാൻ ഇവിടെ നോട്ടീസ് നൽകിയിട്ടുള്ളതിൽ ഒരു കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 97-ാം ഭരണഘടനാ ഭേദഗതി ഇന്ന് നിലവിൽ വന്നുകഴിഞ്ഞു. 97-ാം ഭരണഘടനാ ഭേദഗതിയിൽ നിയമവ്യവസ്ഥകൾ വച്ചുകൊണ്ട് ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് ഒപ്പുവച്ച് നിയമമാക്കിക്കഴിഞ്ഞു. ആ ഭരണഘടനാ ഭേദഗതിക്ക് വ്യതൃസ്തമായിട്ടുള്ള ഏതെങ്കിലും പ്രശ്നങ്ങൾ സംസ്ഥാനങ്ങളിലുണ്ടെങ്കിൽ അത് ഭേദഗതി വരുത്താൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് ആർട്ടിക്കിൾ 243 പ്രകാരം ഒരു ഭരണസമിതിയുടെ കാലാവധി അഞ്ചുവർഷമാണ്. ആ നിയമം പാസ്സാക്കിയതിനുശേഷമാണ് കേരള ഗവൺമെന്റ് സഹകരണ രംഗത്ത് ഒരു ഓർഡിനൻസ് ഇറക്കിയത്. കഴിഞ്ഞ ജൂലൈ മാസത്തിൽ ആ ഓർഡിനൻസ് നിയമമാക്കി. നിയമമാക്കിയത് സഹകരണ സംഘങ്ങളിൽ യു.ഡി.എഫ്. ആധിപത്യം സ്ഥാപിക്കാനാണ്. നിങ്ങൾ കുറേ മന്ത്രിമാരെ ജാതി-മതം നോക്കി വകുപ്പുകൾ വിഭജിച്ചുകൊടുത്തു. പിന്നെയും കുറേ സ്ഥാനമോഹികൾ അവശേഷിക്കുന്നു. അവർക്ക് കുറേ കോർപ്പറേഷനുകളും ബോർഡുകളും കൊടുത്തു. എന്നാലും നിങ്ങളുടെ ആവശ്യം തികയുന്നില്ല. ആ ആവശ്യം പൂർത്തീകരിക്കാൻ ചെയ്തത് സഹകരണ ബാങ്ക് പിടിക്കുക എന്നതാണ്. അതിനുവേണ്ടി നിങ്ങൾ ഓർഡിനൻസ് പാസ്സാക്കി, എല്ലാ ഭരണസമിതികളും പിരിച്ചുവിട്ടു, ഭരണസമിതികൾ പിരിച്ചുവിട്ട് അത് നിയമവുമാക്കി. കോടതി ഇടപെട്ടപ്പോൾ നിങ്ങൾക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വയ്ക്കാൻ സാധിച്ചില്ല. അഡ്മിനിസ്ട്രേറ്ററെ വച്ച് ഒരു വർഷത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തണം. 14 ജില്ലാ സഹകരണ ബാങ്കുകളിലും തെരഞ്ഞെടുപ്പ് നടത്തിയാൽ നിങ്ങൾക്ക് ജയിക്കാൻ കഴിയുന്നത് വളരെ ചുരുക്കമായിരിക്കും. യു.ഡി.എഫ്.-ന്റെ കോൺഗ്രസ്സ് കമ്മിറ്റി ചേർന്ന് തീരുമാനിച്ചത് ഈ 14 ബാങ്കുകളും വിഹിതം വയ്ക്കുക എന്നുള്ളതാണ്. ഇതൊരു സഹകരണ സംഘമല്ലേ? ഈ സഹകരണ സംഘം ഇങ്ങനെ യു.ഡി.എഫ്.-ലെ ഭരണകക്ഷികൾക്ക് വിഹിതംവച്ചുകൊടുക്കേണ്ടതാണോ? നിങ്ങൾ തെരഞ്ഞെടുപ്പ് നടത്തുക, തെരഞ്ഞെടുപ്പിൽ ജയിച്ചുവരട്ടെ, ജയിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി വരട്ടെ. ചിലപ്പോൾ ചില സ്ഥലങ്ങളിൽ ഭരണസമിതിയിലേക്ക് എൽ.ഡി.എഫ്.-കാരും മെമ്പർമാരായി ജയിച്ചുവന്നേക്കാം. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്. തീരുമാനിച്ചത് 14 ബാങ്കുകളും യു.ഡി.എഫ്.-ന്റെ ഘടകപാർട്ടികൾക്ക് വിഹിതംവച്ചുകൊടുക്കാനാണ്. കോൺഗ്രസ്സ്, മുസ്ലീംലീഗ്, സി.എം.പി., മറ്റ് ഘടകപാർട്ടികൾ എന്നിവർക്കെല്ലാം ബാങ്ക് വിഹിതംവച്ചുകൊടുത്തു. അങ്ങനെ കൊടുത്തപ്പോൾ ബാങ്ക് കിട്ടാതെയായി. ശ്രീ. കെ. പി. മോഹനന് കോഴിക്കോടുള്ള ബാങ്ക് കൊടുക്കാൻ നിശ്ചയിച്ചിരുന്നു. അതിൽ ഇപ്പോൾ ചെറിയൊരു തർക്കം നടക്കുന്നുണ്ട്. എല്ലാ കാര്യങ്ങളിലും വിഹിതംവച്ചുകൊടുക്കുക, എന്നിട്ട് ഈ ബാങ്ക് പിടിച്ചെടുക്കുക എന്നതാണ്. വിഹിതംവച്ചു കൊടുത്ത ബാങ്കുകളിൽ ജയിച്ചുവരണമെങ്കിൽ നിലവിലുള്ള വോട്ടർ പട്ടിക മതിയാവില്ല. നിങ്ങൾക്ക് ഭരണം പിടിക്കാനായി ഇവിടെ പാസ്സാക്കിയിട്ടുള്ള നിയമംവച്ച് കടലാസ് സംഘങ്ങളെയും ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളെയും വോട്ടർ പട്ടികയിൽ ചേർക്കണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, 'എല്ലാ സംഘങ്ങൾക്കും അംഗത്വം' , കൊടുത്തുകൊള്ളൂ. ഇത്തരം കടലാസ് സംഘങ്ങൾക്ക് അംഗത്വം കൊടുത്തുകൊണ്ട് എല്ലാ ജില്ലകളിലും തെരഞ്ഞെടുപ്പ് നടത്താനാണ് ഇപ്പോൾ നിങ്ങൾ തീരുമാനിച്ചിട്ടുള്ളത്? തെരഞ്ഞെടുപ്പ് നടത്താൻവേണ്ടി സംസ്ഥാനത്താകെ കോൺഗ്രസ്സിന്റെ, ഭരണകക്ഷിക്കാരുടെ എന്തും ചെയ്യാൻ മടിക്കാത്ത ഉദ്യോഗസ്ഥന്മാരെ ആദ്യം റിക്രൂട്ട് ചെയ്തു. ഈ അതിക്രമം നടത്തുന്നതിനുവേണ്ടി ജോയിന്റ് രജിസ്ട്രാർ ഓഫീസിനെ നിങ്ങൾ രൂപപ്പെടുത്തി. അതിനുപറ്റുന്ന ഉദ്യോഗസ്ഥന്മാരെ ജോയിന്റ് രജിസ്ട്രാർമാരായിട്ടും അസിസ്റ്റന്റ് രജിസ്ട്രാർമാരായിട്ടും നിശ്ചയിച്ചു. ഒരു തത്വാധിഷ്ഠിതമായ നിലപാട് സ്വീകരിക്കാത്ത, ഏത് കേസും വാദിക്കുന്ന, ഏത് സ്ത്രീപീഡനത്തിന്റെ കേസ്സിനും ഹാജരാകുന്ന അഡ്വക്കേറ്റ് ജനറലിന്റെയും കെ.പി.സി.സി. അംഗമായി പ്രവർത്തിക്കുന്ന അഡ്വക്കേറ്റ് ആസിഫ് അലിയുടെയുമെല്ലാം ഉപദേശംതേടി. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് ചില നിലപാടുകൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യം ഞങ്ങൾക്കുമറിയാം. അതെല്ലാം തെറ്റായിട്ടുള്ള നിലപാടാണ്. നീതിന്യായ വ്യവസ്ഥ നീതിന്യായ വ്യവസ്ഥയായി തന്നെ നിലനിൽക്കണം. ചില കാര്യങ്ങളെല്ലാം നേടാൻ ചിലപ്പോൾ നിങ്ങൾക്ക് സാധിക്കുമായിരിക്കും. പക്ഷെ ഇവിടെ ഒരു നീതിന്യായ വ്യവസ്ഥ നിലനിൽക്കണം. ഉപദേശം തേടിയതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലാ ബാങ്കിന്റെയും അധികാരം പിടിക്കാൻ ഉദ്യോഗസ്ഥന്മാർ, അതിനുപറ്റുന്ന പോലീസ് ഓഫീസർമാർ, അതിനുപറ്റാവുന്ന സാമൂഹ്യ വിരുദ്ധന്മാർ എന്നിവരുമായി 14 ജില്ലകളിലും പ്രത്യേകം യോഗംചേർന്ന് ഒരു പരിപാടി തയ്യാറാക്കി. ആ പരിപാടിയുടെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾക്ക് രൂപം കൊടുത്തിരിക്കുകയാണ്. ജനാധിപത്യവും നീതിന്യായ വ്യവസ്ഥയുമൊന്നുമല്ല ഇവിടെ നടക്കുന്നത്. അതിക്രമങ്ങൾ കയ്യേറ്റങ്ങൾ തുടങ്ങി ജനാധിപത്യ വിരുദ്ധമായിട്ടുള്ള നീക്കങ്ങളിലൂടെ ജില്ലാ ബാങ്ക് ഭരണം പിടിച്ചെടുക്കുവാനുള്ള തയ്യാറെടുപ്പാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഓരോ കാര്യവും ഞാൻ പറയാം. 14 ബാങ്കുകളും പിടിച്ചെടുക്കാൻ നിങ്ങൾ തീരുമാനിച്ച് കണക്കെടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേൾക്കണം, നിങ്ങൾ കേരള രാഷ്ട്രീയത്തിലെ ഉന്നതനായിട്ടുള്ള നേതാവാണല്ലോ; ഒരു മതനിരപേക്ഷ പാർട്ടിയുടെ നേതാവാണല്ലോ; പതിനാല് ബാങ്കും പരിശോധിച്ചപ്പോൾ, എന്ത്

LIBRARY ARCHIVES Kerala Legislative Assembly

അട്ടിമറികൾ നടത്തിയാലും കാസർഗോഡ് ബാങ്ക് കിട്ടാൻ സാധ്യതയില്ലെന്നുകണ്ടു. എന്താണ് ചെയ്തത്? നിങ്ങൾ ബി.ജെ.പി.-യുമായി ഒരു രാഷ്ട്രീയ സഖ്യമുണ്ടാക്കി. കാസർഗോഡ് ജില്ലാ ബാങ്കിൽ കോൺഗ്രസ്സ്-മുസ്ലീംലീഗ് -ബി.ജെ.പി. മുന്നണിയുണ്ടാക്കി. അവിടെയുള്ള ഭരണസമിതി അംഗങ്ങളിൽ കോൺഗ്രസ്സിന് പത്ത്, ബി.ജെ.പി.-ക്ക് നാല്, ലീഗിനും സി.എം.പി.-ക്കും ഒന്നുവീതം. ഇത് നിങ്ങളുടെ പാനലാണ്. ബി.ജെ.പി.-യുടെ സ്ഥാനാർത്ഥിയായി നിങ്ങളുടെ ലിസ്റ്റിലുള്ള നാലുപേരിൽ ഒരാൾ ആരാണെന്ന് അറിയുമോ? ബി.ജെ.പി.-യുടെ സഹകരണ ഭാരതിയുടെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. കരുണാകരൻ നമ്പ്യാർ. രണ്ടാമത്തേത്, ശ്രീ. മുളിയാർ ഐത്താപ്പ്, അദ്ദേഹം ആർ.എസ്.എസ്-ന്റെ കാര്യവാഹക് ആണ്. ഞാൻ ചോദിക്കട്ടെ.......

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ, 12 മിനിട്ട് കഴിഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് അത്യന്തം ഗൗരവമേറിയ വിഷയമാണ്.

മി. സ്പീക്കർ: ഏത് അടിയന്തരപ്രമേയം വന്നാലും സ്ഥിരം പറയുന്ന ഒരു വാചകമാണത്. ഈ വിഷയം പ്രധാനപ്പെട്ടതുതന്നെയാണ്. പ്രസംഗം അവസാനിപ്പിക്കൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിൽ സഹകരണ പ്രസ്ഥാനമെന്നുപറയുന്നത് പ്രധാനപ്പെട്ടതാണ്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ശ്രീ. മുളിയാർ ഐത്താപ്പ് ബി.ജെ.പി-യുടെ തലമുതിർന്നതും ആർ.എസ്.എസ്.-ന്റെ വലിയ നേതാവുമാണ്. നിങ്ങൾക്ക് ഇത്തരം കൂട്ടുകെട്ടുകളുണ്ടാക്കാൻ അശേഷം മടിയില്ലല്ലോ; അവിടെ ജയിക്കാൻ കഴിയില്ലെന്നുവന്നപ്പോൾ ബി.ജെ.പി.-യെ കൂട്ടുപിടിച്ചു. നിങ്ങൾ സഹകരണ തെരഞ്ഞെടുപ്പുകളിൽ ചെയ്തിരിക്കുന്ന കാര്യങ്ങൾ പരിശോധിക്കാം. ഞാൻ ഓരോ ജില്ലയിലെയും കാര്യങ്ങൾ പ്രത്യേകം പരിശോധിക്കാം. അങ്ങ് ഇത് മനസ്സിലാക്കണം. തെറ്റായിട്ടുള്ള നടപടികളാണ് ഇവിടെ നടക്കുന്നത്. കണ്ണൂർ ജില്ലാ ബാങ്കിൽ വോട്ടർപ്പട്ടികയിൽ ഉള്ളത് പ്രവർത്തിക്കാത്ത സംഘങ്ങൾ, ലിക്വിഡേറ്റ് ചെയ്ത് പ്രവർത്തനരഹിതമായ സംഘങ്ങൾ. ബഹുമാനപ്പെട്ട മന്ത്രീ, നിങ്ങൾ എന്തെങ്കിലും പറഞ്ഞാൽപോരാ എന്താണ് നടക്കുന്നതെന്ന് മനസ്സിലാക്കണം. പതിനഞ്ച് വർഷംമുമ്പ് ലിക്വിഡേറ്റ് ചെയ്ത്, സഹകരണ ചട്ടം 70 അനുസരിച്ച് എല്ലാ ജംഗമസ്വത്തുക്കളും സഹകരണ ഡിപ്പാർട്ട്മെന്റ് ഏറ്റുവാങ്ങിക്കഴിഞ്ഞ 350 സംഘങ്ങളെയാണ് നിങ്ങൾ വോട്ടർപ്പട്ടികയിൽ ചേർത്തത്. ഇത് എന്ത് അടിസ്ഥാനത്തിലാണ്? ഇതിനുപുറമേ 203-ഓളം സംഘങ്ങൾ അനധികൃതമായി കൂട്ടിച്ചേർത്തു. ഓരോ ജില്ലയിലെയും പ്രശ്നമാണിത്. അവിടെ റിട്ടേണിംഗ് ഓഫീസറെ നിശ്ചയിച്ചു. റിട്ടേണിംഗ് ഓഫീസറെ ആരും ഇന്നുവരെ കണ്ടിട്ടില്ല. ആ ബാങ്കിൽ വോട്ടർപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

ബഹുമാനപ്പെട്ട മന്ത്രീ, വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചുവെന്ന് നിങ്ങൾ നെഞ്ചത്ത് കൈവച്ച് പറയുമോ? 6 -ാം തീയതി വരെ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.6 -ാം തീയതി വരെ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

തുകൊണ്ട് എൽ.ഡി.എഫ്-ന്റെ സ്ഥാനാർത്ഥികൾ ബാങ്കിൽ പോയി. അപ്പോൾ അവിടെ റിട്ടേണിംഗ് ഓഫീസറില്ല. അവർ അവിടെ ഇരുന്നു. രാത്രിയായപ്പോൾ അവരെ പോലീസ് അറസ്റ്റ് ചെയ്തു കൊണ്ടുപോയി. 10-ാം തീയതിയാണ് തെരഞ്ഞെടുപ്പ്. ഇന്നലെ വീണ്ടും പോയി. വീണ്ടും പോലീസ് അറസ്റ്റ് ചെയ്തു കൊണ്ടുപോയി. കണ്ണൂരിൽ മാത്രമല്ല. തൃശ്ശൂർ, തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് തുടങ്ങിയിടത്തൊക്കെ ഇതുതന്നെയാണ് നടത്തിയത്. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലെയും വോട്ടർ പട്ടികയിൽ നൂറുകണക്കിന് ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജയരാജൻ പതിനഞ്ചു മിനിട്ടായി.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ പറയുന്നതിൽ ഒരു വാചകം അനാവശ്യമായി ഉപയോഗിക്കുന്നില്ല. ഇത് നാടിന്റെ പ്രശ്നമാണ്.

മി. സ്പീക്കർ: എല്ലാം കാലഘട്ടത്തിന്റെ പ്രശ്നമാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, എന്തും നടത്താമെന്ന സ്ഥിതിയാണ്. നാടറിയട്ടെ, സഭ അറിയട്ടെ, നിങ്ങൾ എന്തിന് ഭയപ്പെടുന്നു?

മി. സ്പീക്കർ: അതിനൊരു ചട്ടവും നിയമവുമൊക്കെയില്ലേ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞങ്ങൾക്കും ചില അവകാശങ്ങളൊക്കെയുണ്ട്.

മി. സ്പീക്കർ: എന്താ ഇത്; ആവശ്യമില്ലാത്ത കാര്യങ്ങളൊക്കെ എന്തിനാണ് പറയുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ ആവശ്യമില്ലാത്ത കാര്യമല്ല പറയുന്നത്. ഈ നാടറിയേണ്ട വിഷയമാണ്. ഭരണകക്ഷിക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ജനവിരുദ്ധമായ സമീപനങ്ങൾ ജനങ്ങളറിയട്ടെ.

മി. സ്പീക്കർ: അങ്ങേയ്ക്ക് 15 മിനിട്ട് തന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, നാളെയും മറ്റന്നാളും ഇവിടെ ജനാധിപത്യ കശാപ്പ് നടക്കാൻ പോവുകയാണ്. അങ്ങ് ഇത് മനസ്സിലാക്കണം. ഇവിടെ പോലീസിനെയും ഗുണ്ടകളെയും ഉപയോഗിച്ചുകൊണ്ട് നടത്താൻ പോകുന്നത് ജനാധിപത്യ അട്ടിമറിയാണ്. അപകടകരമായ സ്ഥിതിവിശേഷമാണ്. ഇവിടെ പലതും സംഭവിക്കാനുള്ള സാധ്യതകളുണ്ട്. ഇത് മനസ്സിലാക്കി നീതിപൂർവ്വം പ്രവർത്തിക്കണമെന്നാണ് ഞാൻ പറയുന്നത്. ഇതുസംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ തയ്യാറുണ്ടോ; കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം തുടങ്ങിയ എല്ലാ ജില്ലാ ബാങ്കുകളിലെയും വോട്ടർ പട്ടികയിൽ ലിക്വിഡേറ്റ് ചെയ്ത സംഘങ്ങൾ, അനധികൃതമായ സംഘങ്ങൾ എന്നിവ ഉൾപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്താമോ? വേറൊരു കാര്യം കൂടി അങ്ങ് മനസ്സിലാക്കണം. ഭൂമുഖത്തുതന്നെ ഇല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

ചില സംഘങ്ങളും ഈ വോട്ടർ പട്ടികയിൽ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥികൾക്കൊന്നും വോട്ടർ പട്ടിക കൊടുക്കുന്നില്ല. സ്ഥാനാർഥികളുടെ സംഘത്തിന്റെ പേര് മാത്രം പോര അതിൽ വോട്ട് ചെയ്യുന്ന ആളുകളുടെ പേരുകൂടി എഴുതിച്ചേർക്കണമെന്ന് കോടതിതന്നെ നിഷ്ക്കർഷിച്ചു. ഒരു സ്ഥലത്തും ഇതൊന്നും പാലിക്കപ്പെട്ടിട്ടില്ല. ഇവിടെ എന്തും ചെയ്യാനുള്ള അധികാരമുണ്ടെന്നാണോ? ഇവിടെ ഒരു ഭരണ മുണ്ടോ; ഇവിടെ ഒരു നീതിന്യായ വ്യവസ്ഥയുണ്ടോ; ഇവിടെ ഒരു ജനാധിപത്യ വ്യവസ്ഥയുണ്ടോ?

മി. സ്പീക്കർ: ശ്രീ. ജയരാജൻ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഗൗരവമുള്ള വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇവിടെ സഹകരണ രംഗത്ത് ചെയ്തുകൊണ്ടിരിക്കുന്ന അതിക്രമങ്ങളും അട്ടിമറികളുമാണ് ഞാൻ പ്രതിപാദിക്കുന്നത്. ഇത് ജനാധിപത്യ കശാപ്പാണ്. ഇത്തരത്തിലുള്ള അതിരുവിട്ട തെറ്റായ നടപടിക ളാണ് ഇവിടെ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഒരു കാര്യംകൂടി പറയാനുള്ള സമയം അങ്ങ് എനിക്ക് തരണം. പ്രധാനമായും ഞാൻ ചൂണ്ടിക്കാണിക്കുന്ന കാര്യം ലിക്വിഡേറ്റ് ചെയ്ത സംഘങ്ങൾ, നാട്ടിൽ പ്രവർത്തിക്കാത്ത സംഘങ്ങൾ, ഇതുവരെ ആരും കേട്ടിട്ടില്ലാത്ത പേരിലുള്ള സംഘങ്ങൾ ഇതെല്ലാം കൂട്ടിച്ചേർത്ത് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് പരിശോധിച്ച് ശരിയായ സംഘങ്ങൾ, നിങ്ങൾ പറയുന്ന 2007 തന്നെ എടുത്തോ, നിങ്ങൾ പറയുന്ന എല്ലാ സംഘവുമെടുത്തോ. ലിക്വിഡേറ്റ് ചെയ്ത് പ്രവർത്തനരഹിതമായിട്ടുള്ള സംഘങ്ങൾ വോട്ടർ പട്ടികയിൽനിന്നും നീക്കം ചെയ്യണം. ഇവിടെ വോട്ടർ പട്ടിക നീതിപൂർവ്വകമായി പ്രസിദ്ധീകരിക്കണം. വോട്ടർ പട്ടികയുടെ കോപ്പി ഞങ്ങൾക്കും തരണം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് ഇവിടെ ലംഘിച്ചിരിക്കുകയാണ്. 6-ാം തീയിതി 3 മണിക്ക് ഇത്തരമൊരു വോട്ടർ പട്ടിക പ്രസിദ്ധീകരിക്കണമെന്ന് കോടതി പറഞ്ഞു. നിങ്ങൾ അത് പ്രസിദ്ധീകരിച്ചിട്ടില്ല. അത് ചോദിച്ചാൽ അറസ്റ്റ് ചെയ്യുന്ന നിലപാടാണ് സ്വീകരിച്ചത്. അതുകൊണ്ട് ഇത് ഗൗരവമായ പ്രശ്നമാണ്. സഹകരണരംഗത്ത് വച്ചുപുലർത്തിക്കൊണ്ടിരിക്കുന്ന സാഹോദര്യത്തിന്റെയും സഹകരണത്തിന്റെയും സ്വഭാവം നിങ്ങൾ അട്ടിമറിക്കു കയാണ്. ഞാൻ മനസ്സിലാക്കുന്നത് ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിഞ്ഞു കൊണ്ട് നടക്കുന്നതാണെന്നാണ്. ഈ ജനവിരുദ്ധമായ നിലപാടിനോട് ബഹു മാനപ്പെട്ട മുഖ്യമന്ത്രി കൂട്ടുനിൽക്കരുത്. നിങ്ങൾ സഹകരണ രംഗത്ത് നീതി പുലർത്താൻവേണ്ടി മുൻകയ്യെടുത്ത് പ്രവർത്തിക്കണം. നിങ്ങൾ സംസ്ഥാന ത്തിന്റെ മുഖ്യമന്ത്രിയാണ്. ഇത്തരത്തിലുള്ള തെറ്റായ നടപടികളിലേക്ക് പോകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അത്യന്തം ഗുരുതരമായ പ്രശ്നം, രണ്ട് ദിവസ ങ്ങൾക്കകം അത് കേരളത്തിന്റെ മുമ്പിൽ ഒരു സങ്കീർണ്ണ വിഷയമായി വരും. അതുകൊണ്ട് നിങ്ങൾ ജനാധിപത്യത്തിന്റെ വഴിയിലേക്ക് തിരിച്ചുവരണം. നീതിയുടെ വഴിയിലേക്ക് തിരിച്ചുവരണം. ഈ കയ്യേറ്റങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിക്കണം. ഗുണ്ടകളെക്കൊണ്ട് ജയിക്കാൻ കഴിയും എന്ന ധാരണ അവസാനിപ്പിക്കണം. അതിനുവേണ്ടി ഈ ചെയറിലിരിക്കുന്ന അങ്ങ് മുൻകൈയെടുത്ത് പ്രവർത്തിക്കണം. അല്ലാത്തൊരു അവസ്ഥ വന്നാൽ ജനാധിപത്യക്കശാപ്പിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കാൻ ഞങ്ങൾ നിർബന്ധിക്കപ്പെടും. അതുകൊണ്ട് ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, അദ്ദേഹം എല്ലാ

9.56 AM.] സമയവും സംസാരിക്കുന്നതുപോലെ രാഷ്ട്രീയ പ്രസംഗം നടത്തുകയായിരുന്നു. ഞാൻ ആദ്യം തന്നെ പറഞ്ഞു, ഈ തെരഞ്ഞെടുപ്പ് നീതിപൂർവ്വവും ജനാധിപത്യപരവുമായി ഇലക്ഷൻ കമ്മീഷൻ നടത്തുന്നതാണ് എന്ന്. അതിൽ ഗവൺമെന്റോ സഹകരണ ഡിപ്പാർട്ട്മെന്റോ ഇടപെടുന്നില്ല. ഞാൻ അങ്ങയോട് ഒരു കാര്യം ചോദിക്കാം. അങ്ങ് കാസർഗോഡിനെപ്പറ്റി പറഞ്ഞല്ലോ, തൃശ്ശൂർ ജില്ലാ ബാങ്കിന്റെ തെരഞ്ഞെടുപ്പിൽ സി.പി.ഐ. നിങ്ങളുടെ പാനലിലുണ്ടോ? ....(ബഹളം).... ഒരു മര്യാദ കാണിക്കണ്ടേ? .....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്..... അസൗകര്യമായ വാചകങ്ങൾ രണ്ടു കൂട്ടരും പറയുമ്പോൾ അസ്വസ്ഥരാകണ്ട. മറുപടി കേൾക്കുക. പ്ലീസ്..... ശ്രീ. ജയരാജൻ പറഞ്ഞതെല്ലാം കേട്ടു. ബഹുമാനപ്പെട്ട മിനിസ്റ്റർ......

ശ്രീ. സി. എൻ ബാലകൃഷ്ണൻ: സർ, വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നത് ഇലക്ട്രൽ ഓഫീസറാണ്. അത് പരിശോധിച്ച് പ്രസിദ്ധപ്പെടുത്തുന്നതും ആ സമയത്ത് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഒബ്ജക്ഷൻ കൊടുക്കാനുള്ള അധികാരമുണ്ട്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞാൽപിന്നെ എല്ലാ കാര്യങ്ങളും തെരഞ്ഞെടുപ്പ് ഓഫീസർമാർക്കായിരിക്കും. അതിൽ ആരും ഇടപെടാറില്ല. 2007-ലെ ലിസ്റ്റ് വച്ചിട്ടാണ് ഈ തെരഞ്ഞെടുപ്പ് നടക്കുന്നത്. കടലാസ് സംഘങ്ങളാണ്, ലിക്വിഡേറ്റഡ് സംഘങ്ങളാണ്, നിയമഭേദഗതി കൊണ്ടുവരുമെന്നും അദ്ദേഹം ഇതിനു മുമ്പും പറഞ്ഞിട്ടുണ്ട്. ....(ബഹളം)....

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ പറയുന്നത് കളവാണെങ്കിൽ പരിശോധിക്കാം.

ശ്രീ. സി. എൻ ബാലകൃഷ്ണൻ: സർ, അദ്ദേഹം പറയുമ്പോൾ ഞാൻ ഇവിടെ ഇരുന്ന് ഒക്കെ കേട്ടു. എനിക്ക് മറുപടി പറയണ്ടേ. അതായത് ജില്ലാ ബാങ്കുകളിൽ നിയമാനുസരണം തെരഞ്ഞെടുപ്പ് നടക്കും. തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ചിലർ തോൽക്കും ചിലർ ജയിക്കും. അതുൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണം. ഇതിനുമുമ്പ് ഇലക്ഷൻ നടത്തിയത് ഓരോരുത്തരുടെയും ഇഷ്ടപ്രകാരമായിരുന്നു. ഇപ്പോൾ നിയമത്തിന് വിധേയമായിട്ടാണ് ഇലക്ഷൻ നടക്കുന്നത്. അന്ന് ആരും ഒന്നും പറഞ്ഞില്ലല്ലോ; അതുകൊണ്ട് നിയമത്തിന് വിധേയമായി പറഞ്ഞ തീയതികളിലൊക്കെ തെരഞ്ഞെടുപ്പ് നടക്കും. പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

Page 9 of 14

അറസ്റ്റ് ചെയ്തതിനെക്കുറിച്ച് പറഞ്ഞു. റിട്ടേണിംഗ് ഓഫീസറെ തടഞ്ഞുവയ്ക്കുക, സ്ത്രീകളെ തടഞ്ഞുവയ്ക്കുക ഇതൊക്കെയാണ് നടക്കുന്നത്. അവർക്ക് സംരക്ഷണം കിട്ടണ്ടേ; .....(ബഹളം)...... ഞാൻ വീണ്ടും ഉറപ്പിച്ചുപറയുന്നു. തൃശ്ശൂരിൽ റിട്ടേണിംഗ് ഓഫീസറേയും ജോയിന്റ് രജിസ്ട്രാറേയും തടഞ്ഞു വച്ച് ഭീഷണിപ്പെടുത്തി. അപ്പോൾ പോലീസ് വന്നു. അങ്ങനെയുള്ള സ്ഥലങ്ങളിലൊക്കെ പോലീസ് വരും. നിയമം പാലിക്കാനാണ് പോലീസ്. അല്ലാതെ നിങ്ങൾ കാണിക്കുന്നത് കാണാനല്ല. ഇലക്ഷന് പോലീസിന്റെ സഹായമൊന്നും വേണ്ട. യു.ഡി.എഫ്-ന് അതിനുള്ള ശക്തിയുണ്ട്. അതനുസരിച്ച് നടത്തും. അതിനാൽ ഈ കാര്യങ്ങളൊന്നും സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞപ്പോൾ എന്റെ പേരുകൂടി പരാമർശിച്ചു. 2007-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്ത കാര്യം അങ്ങ് മറന്നാലും കേരളത്തിലെ സഹകാരികൾ

10.00 AM.]

മറക്കുകയില്ല. അന്ന് നിങ്ങൾ എടുത്ത തീരുമാനമെന്താണ്? കാർഷിക സംഘങ്ങളും അർബൻ ബാങ്കുകളും മാത്രമായി ജില്ലാ ബാങ്കിലെ മെമ്പർഷിപ്പ് ചുരുക്കിക്കൊണ്ട് നിങ്ങൾ ഓർഡിനൻസ് കൊണ്ടുവന്നു. ആയിരത്തിലധികം സംഘങ്ങളുള്ള ജില്ലയിൽ കേവലം 200 സംഘങ്ങൾക്ക് മാത്രമായി അംഗത്വം ചുരുക്കി. ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ, അത് ശരിയായിരുന്നോ? ജില്ലാ ബാങ്കെന്ന് പറഞ്ഞാൽ ഓരോ ജില്ലയിലെയും സഹകരണ സ്ഥാപനങ്ങളുടെ അപ്പെക്സ് സംഘമായിട്ടാണ് കണക്കാക്കുന്നത്. കയർ, കൈത്തറി സംഘങ്ങളും കോൺട്രാക്ട് സംഘങ്ങളുമുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഓരോന്നിനും പ്രത്യേകം അപ്പെക്സ് സംഘങ്ങളാണ്. കയറിനും കൈത്തറിക്കും അപ്പെക്സ് സംഘങ്ങളുണ്ട്. ഇത് കൃഷിക്കാരുടെ സംഘമാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ പറഞ്ഞത് ക്രെഡിറ്റ് സംഘങ്ങൾക്കുള്ള അംഗത്വമെന്നത്, അന്ന് സഹകരണ കോൺഗ്രസ്സിൽ ബാങ്കുകൾക്ക് ബാങ്കുകളുടേതായിട്ടുള്ള പ്രത്യേകത നിലനിർത്തിക്കൊണ്ടുപോകണമെന്നതുകൊണ്ട് ക്രെഡിറ്റ് സംഘങ്ങളായിരിക്കണം അഫിലിയേറ്റ് ചെയ്യേണ്ടതെന്നും മറ്റുള്ളതിന് 'ബി ക്ലാസ്' മെമ്പർഷിപ്പ് കൊടുത്ത് അവരെ സഹായിക്കുക എന്ന നിലപാടാണ് സ്വീകരിക്കേണ്ടതെന്നും എല്ലാവരുംകൂടി യോജിച്ചുകൊണ്ട് അംഗീകരിച്ചതിന്റെ ഭാഗമായാണ് ഇങ്ങനെയൊരു നിലപാടിലെത്തിയത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഒരു ജില്ലയിലെ സഹകരണ സംഘങ്ങൾക്കെല്ലാംകൂടി അപ്പെക്സ് സംഘമെന്നുള്ള നിലയിലുള്ള സ്റ്റാറ്റസാണ് ജില്ലാ ബാങ്കിനുണ്ടായിരുന്നത്. അത് ഉണ്ടാകണമെന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. 2007-ൽ നിങ്ങൾ ഇത് പിരിച്ചുവിടുന്നതുവരെയുള്ള നിലയിലേക്ക് കൊണ്ടുവന്നു എന്നതിൽക്കവിഞ്ഞ് ജനാധിപത്യവിരുദ്ധമായ



LIBRARY ARCHIVES Kerala Legislative Assembly

ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ നിങ്ങളൊരു നിലപാട് സ്വീകരിച്ച് 14 സംഘങ്ങളിൽ ഒരെണ്ണമൊഴിച്ച് ബാക്കിയുള്ളതെല്ലാം പിടിച്ചെടുത്തു. ഞങ്ങൾ കുറേക്കൂടി ജനാധിപത്യ രീതിയിൽ കൂടുതൽ പേർക്ക് മെമ്പർഷിപ്പ് കൊടുത്താണ് ഇങ്ങനെ ചെയ്തിരിക്കുന്നതെന്ന കാര്യം നിങ്ങൾ മറക്കരുത്. ശ്രീ. ഇ. പി. ജയരാജൻ ഇവിടെ ബി.ജെ.പി ബന്ധത്തെക്കുറിച്ച് പറഞ്ഞു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, 1991-ന് മുമ്പ് എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം കേരളം ഭരിച്ചിരുന്ന കാലത്തൊക്കെ ജില്ലാ സഹകരണ ബാങ്കുകൾ ഇപ്പോഴുള്ള നിലയിലായിരുന്നു. അന്ന് പല ജില്ലാ ബാങ്കുകളിലും എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം ഉണ്ടാകുന്ന അവസ്ഥ വന്നിട്ടുണ്ട്. 14 സംഘങ്ങളിൽ ചില സ്ഥലങ്ങളിൽ യു.ഡി.എഫ്.-ഉം ചില സ്ഥലങ്ങളിൽ എൽ.ഡി.എഫ്.-ഉം ആയിരുന്നു. 1991 വരെ അത്തരമൊരു സ്ഥിതിയായിരുന്നു. 1991-ൽ നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, ശ്രീ. എം. വി. രാഘവൻ മന്ത്രിയായിരുന്ന സമയത്ത് പുതിയൊരു ടെക്നിക്ക് കൊണ്ടുവന്നു. അതായത്, എല്ലാ സംഘങ്ങളെയും ചേർത്തുകൊണ്ടുള്ള നിലപാട് സ്വീകരിച്ചു. പിന്നീട് എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ അതുമാറ്റി പുനഃസ്ഥാപിക്കുകയും ചെയ്തു. അതേ നിലപാടുതന്നെയാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും സ്വീകരിച്ചത്. ഇപ്പോൾ പഴയ സ്ഥിതി നിങ്ങൾ കൊണ്ടുവന്നു. ഇത്തരത്തിൽ ബാങ്കുകൾ പിടിച്ചെടുക്കുവാൻവേണ്ടി നടത്തുന്ന ഈ സമീപനം ശരിയാണോ; സഹകരണ രംഗത്ത് കാര്യങ്ങൾ മുന്നോട്ടുപോകുന്നതിന് ഇത് സഹായകരമാണോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഞങ്ങൾ സഹകരണ സംഘങ്ങൾ പിടിച്ചെടുക്കുന്നതിനുവേണ്ടിയല്ല ശ്രമിച്ചത്. അവയെ ജനാധിപത്യവത്ക്കരിച്ച് കൂടുതൽപേർക്ക് മെമ്പർഷിപ്പ് കൊടുത്ത് സഹകരണമേഖലയെ ശക്തിപ്പെടുത്താനാണ് ശ്രമിച്ചത്. ശ്രീ. ഇ. പി. ജയരാജൻ ബി.ജെ.പി. ബന്ധത്തെക്കുറിച്ച് പറഞ്ഞു. അവിടെ അങ്ങനെ എന്തെങ്കിലും ഉണ്ടോയെന്ന് ഞങ്ങൾ പരിശോധിക്കും. പക്ഷേ, ഒരുകാര്യം അങ്ങ് മറക്കരുത്, പൈവേളികെ പഞ്ചായത്തിലെ ഇന്നത്തെ സ്ഥിതിയെന്താണെന്ന കാര്യംകൂടി അങ്ങ് അന്വേഷിക്കണം. അവിടെ ബി.ജെ.പി .-ക്ക് 6, സി.പി.ഐ (എം) -ന് 3, യു.ഡി.എഫ്-ന് 6. എന്നിട്ട് നിങ്ങൾ ബി.ജെ.പി. അംഗത്തെ പ്രസിഡന്റാക്കി ഇരുത്തിയിരിക്കുകയാണ്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>; സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞങ്ങൾ ഒരാളെയും പ്രസിഡന്റാക്കിയിട്ടില്ല. നിങ്ങൾക്ക് അവിടെ ജയിച്ചുവരാനുള്ള സാധ്യതയില്ല. നിങ്ങളെ പിന്തുണയ്ക്കാനും അവരെ പിന്തുണയ്ക്കാനും ഞങ്ങളില്ല. ബി.ജെ.പി. മത്സരിച്ച് ജയിച്ചതിന് ഞങ്ങളെ കുറ്റം പറയുന്നതെന്തിനാണ്? അല്ലെങ്കിൽ നിങ്ങളെ പിന്തുണയ്ക്കണം. നിങ്ങളെ പിന്തുണയ്ക്കാനും ബി.ജെ.പി.-യെ പിന്തുണയ്ക്കാനും ഞങ്ങളില്ല. ഞങ്ങൾ ഞങ്ങളുടെതായ നിലപാട് സ്വീകരിക്കുന്നു. നിങ്ങൾ ബി.ജെ.പി-യെ പിന്തുണയ്ക്കുകയാണോ; പൈവേളികെയിൽ പുതിയ കരാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇപ്പോൾ കാര്യം വ്യക്തമായി. കോൺഗ്രസ്സിനെ പിന്താങ്ങാൻ നിങ്ങൾക്ക് മടിയുണ്ടെന്ന് പറയുന്നത് ഞങ്ങൾക്ക് മനസ്സിലാക്കാം. പക്ഷേ ബി.ജെ.പി-യെ പിന്താങ്ങാൻ നിങ്ങൾക്ക് ഒരു മടിയുമില്ല. അതാണ് ശരി. അതുകൊണ്ട് അവിടെ നടക്കുന്ന കാര്യങ്ങൾകൂടി അന്വേഷിക്കണം. സഹകരണ മേഖലയെ ശക്തിപ്പെടുത്താനുള്ള നടപടി മാത്രമേ ഗവൺമെന്റ് സ്വീകരിക്കുകയുള്ളൂവെന്ന് വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ വോട്ടേഴ്സ് പട്ടിക ആറാം തീയതി പ്രസിദ്ധീകരിച്ചപ്പോൾ.........

മി. സ്പീക്കർ: നോ, നോ, പ്ലീസ്, ശ്രീ. ജയരാജൻ, മിനിസ്റ്റർ മറുപടി പറഞ്ഞുകഴിഞ്ഞു. എല്ലാ കാര്യങ്ങൾക്കും ചട്ടമുണ്ട്. ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, വോട്ടേഴ്സ് ലിസ്റ്റ് പോലും പ്രതിപക്ഷത്തിന് കൊടുക്കാതെ, ബി.ജെ.പി.-യെവരെ കൂട്ടുപിടിച്ചുകൊണ്ട് ഇത്തരത്തിൽ അത്യന്തം ഹീനമായി സംഘങ്ങളെ

10.07.AM] പിടിച്ചെടുക്കുകയെന്ന നിലപാട് ബഹുമാന്യനായ എന്റെ സ്നേഹിതൻ ശ്രീ. സി. എൻ. ബാലകൃഷ്ണനെ ബലിയാടാക്കിക്കൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും നടത്തുന്ന കള്ളക്കളി വളരെ ദയനീയമാണ്. ഈ നിലയിൽ സംഘങ്ങൾ പിടിച്ചെടുത്തുകൊണ്ട് സഹകരണ മേഖലയിലെ പണം ട്രഷറി ബഞ്ചും ഗവൺമെന്റും മുഖ്യമന്ത്രിയും കൂട്ടരും ചേർന്ന് തട്ടിയെടുക്കാൻ നടത്തുന്ന ഹീനമായ പരിശ്രമത്തെ ഞങ്ങൾക്ക് യാതൊരു കാരണവശാലും അനുകൂലിക്കാൻ കഴിയില്ല. ജനാധിപത്യമെന്ന് പറഞ്ഞിട്ട് ഇവിടെ തികച്ചും ഏകാധിപത്യപരമായ സമീപനമാണ് എടുത്തുകൊണ്ടിരിക്കുന്നത്. ഇത് ഭാവിയിൽ കോൺഗ്രസ്സുകാർക്കുതന്നെ വളരെയേറെ തലവേദന ഉണ്ടാക്കുമെന്ന് മാത്രമല്ല കോൺഗ്രസ്സുകാരെ വഴിയിലിട്ട് തല്ലുന്ന നിലയിലേയ്ക്ക് എത്തും. ഇത്തരത്തിൽ കോൺഗ്രസ് അധ:പതിച്ചു പോയോയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഹീനമായ ഈ നിലപാടിനെ യാതൊരു കാരണവശാലും ഞങ്ങൾക്ക് അനുകൂലിക്കാൻ കഴിയില്ല. ഒന്ന് പറയുമ്പോൾ മറ്റൊന്ന് പറഞ്ഞ് ന്യായീകരിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങളുടെ കാലത്ത് അങ്ങനെ ചെയ്തില്ലേ, ഇങ്ങനെ ചെയ്തില്ലേ എന്നുപറഞ്ഞ് ഏതിനെയും ന്യായീകരിക്കാൻ ശ്രമിച്ചുകൊണ്ട് യാഥാർത്ഥ്യത്തിന് വിരുദ്ധമായ നിലയിലുള്ള കാര്യങ്ങളാണ് നിങ്ങൾ ചെയ്യുന്നത്. അതിന്റെ വിശദാംശങ്ങളെല്ലാം ഒന്നൊന്നായി ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ ഇതിനെയൊക്കെ ന്യായീകരിക്കുവാൻവേണ്ടി എഴുന്നേറ്റത് വളരെയധികം ഖേദകരമായ കാര്യമാണ്. മുഖ്യമന്ത്രി എന്തിനാണ് ഇതിനെയെല്ലാം ന്യായീകരിക്കുന്നതെന്നും മനസ്സിലാകുന്നില്ല. വളരെയധികം അധഃപതിച്ച തരത്തിലേക്ക് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ, സഹകരണ മേഖലയെ ബോധപൂർവ്വം തള്ളിവിടുന്ന ഈ സമീപനത്തെ യാതൊരു കാരണവശാലും ഞങ്ങൾക്ക് അനുകൂലിക്കുവാൻ കഴിയില്ല. അതുകൊണ്ട് ഞങ്ങൾ ഈ നടപടിക്കെതിരായി ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, സഹകരണ മേഖലയിൽ നിലനിന്നുവരുന്ന ജനാധിപത്യ കീഴ്‌വഴക്കങ്ങൾ തുടരണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. 10.10AM.] ശ്രീ. ഇ. പി. ജയരാജൻ ഉന്നയിച്ച ബി.ജെ.പി. ബന്ധത്തിന് ബദലായി പൈവേളികെയിലെ സംഭവത്തെക്കുറിച്ചുള്ള ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ചുകേൾപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ത്യ ഭരിക്കുന്ന ഒരു പാർട്ടിയുടെ നേതാവല്ലേ? എവിടെയെങ്കിലും ഒരു കുഗ്രാമത്തിൽ ചെറിയൊരു സംഭവം നടന്നാൽ, അത് അങ്ങയുടെ പാർട്ടി ബി.ജെ.പി.-യുമായി ഉണ്ടാക്കിയ അവിഹിതമായ രാഷ്ട്രീയ ബന്ധത്തെ ന്യായീകരിക്കുവാൻ ശ്രമിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. പൈവേളികെയിൽ നടന്ന സംഭവം എന്താണ്? കോൺഗ്രസ്സിന്റെ ഒരു മെമ്പർ കാലുമാറി ബി.ജെ.പി.-ക്ക് വോട്ട് ചെയ്തതാണ് അവിടെ നടന്ന സംഭവം. അതിനെക്കുറിച്ച് അങ്ങ് അന്വേഷിക്കണം. അങ്ങയുടെ പാർട്ടിയാണ് കാലുമാറിയത്. അത് അന്വേഷിക്കാതെ ഈ സഭയെ തെറ്റിദ്ധരിപ്പിച്ചത് നിർഭാഗ്യകരമായിപ്പോയി. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ 6-ാം തീയതി വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. നമുക്ക് വളരെ സ്നേഹമുള്ള ആളാണ് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി. അങ്ങ് കള്ളമൊന്നും നിയമസഭയിൽ പറയരുത്. 6-ാം തീയതി പ്രസിദ്ധീകരിച്ച വോട്ടേഴ്സ് ലിസ്റ്റിലെ നമ്പർ 1261 ആണ്. 7-ാം തീയതി വീണ്ടും വന്ന വോട്ടർ പട്ടികയിൽ ഒറ്റദിവസം കൊണ്ട് ആ നമ്പർ 1316 ആയി വർദ്ധിച്ചു. ഈ രണ്ട് വോട്ടർ പട്ടികയും പരിശോധിക്കേണ്ടതാണ്. തിരുവനന്തപുരം ജില്ലയിലെ സഹകരണ ബാങ്കിൽ അർഹതയില്ലാത്ത രണ്ട് സംഘങ്ങൾക്ക് വോട്ടവകാശം കൊടുത്തിരിക്കുന്നു. (1) M.E.S. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. അത് ലിക്വിഡേറ്റ് ചെയ്തതാണ്. (2) T.C.D.W.S. എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി. അതിന്റെ കാര്യം എനിക്ക് നേരിട്ടറിയാം. അത് ലിക്വിഡേറ്റ് ചെയ്തുപോയിട്ട് നാലുകൊല്ലമായി. അതിനും വോട്ടവകാശം കൊടുത്തിരിക്കുകയാണ്. കൃത്രിമമായി വോട്ടർ പട്ടികയിലെ അംഗസംഖ്യ കൂട്ടി എലിജിബിലിറ്റിയില്ലാത്തവർക്ക് വോട്ടവകാശം കൊടുത്തിരിക്കുകയാണ്. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നടക്കുന്ന സംഭവം ഇതാണ്. സഹകരണ മേഖലയിൽ നല്ല പഴക്കവും പാരമ്പര്യവുമുള്ള ആളാണ് അങ്ങ്. അങ്ങയുടെ കാലത്ത്, സഹകരണ മേഖലയിൽ മുമ്പുനടന്ന പരിപാടികൾ നടത്തുവാൻ പാടില്ല എന്നുള്ളതാണ്. അങ്ങ് സി.പി.ഐ.-ക്കുവേണ്ടി വാദിച്ചത് നല്ല കാര്യമാണ്. പക്ഷേ, അങ്ങ് ബി.ജെ.പി.-യുടെ കൂടെ ചേർന്ന്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുകയാണ്. ഞങ്ങൾക്ക് ആരുടേയും സൗജന്യം ആവശ്യമില്ല. ഞങ്ങൾ തമ്മിലുള്ള ബന്ധങ്ങളെല്ലാം ഞങ്ങൾ തീർത്തുകൊള്ളാം. അങ്ങ് അതിൽ ദുഃഖിക്കണ്ട. തൃശ്ശൂരിലെ സി.പി.ഐ.-യുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ ദുഃഖിക്കണ്ട. അങ്ങേക്ക് നേരെ ഉയർന്നിട്ടുള്ള ഗുരുതരമായ രാഷ്ട്രീയ ബന്ധങ്ങൾ, ബി.ജെ.പി. ബന്ധങ്ങൾ, കള്ളവോട്ട്, പോലീസിനെ ഉപയോഗിച്ച് വോട്ടർമാരെ അറസ്റ്റ് ചെയ്യൽ ഇതെല്ലാം അങ്ങേയ്ക്ക് നേരെയുള്ള ആരോപണങ്ങളാണ്. ഇന്നലെ തിരുവനന്തപുരം ജില്ലയിലെ ബാങ്കുകളിൽ മത്സരിക്കേണ്ട സ്ഥാനാർത്ഥികളെ അറസ്റ്റ് ചെയ്തു. ഇതെല്ലാം അന്വേഷിക്കണം. ഇതൊന്നും ഇവിടെ ചർച്ച ചെയ്യാൻ അനുവദിക്കാതെ ബഹുമാനപ്പെട്ട സ്പീക്കർ വളരെ കർക്കശമായ നിലപാടുകളാണ് സ്വീകരിക്കുന്നത്. എന്റെ കേസ്സും ഒരുപാടുണ്ട്. അതൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. ചെയറിനെ ബഹുമാനിച്ചും അംഗീകരിച്ചും അനുസരിച്ചും നിശബ്ദനായിരിക്കുന്ന ഒരാളാണ് ഞാൻ. വളരെ അപൂർവ്വമായാണ് ചില കാര്യങ്ങൾ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. അങ്ങനെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

മി. സ്പീക്കർ : അങ്ങ് എഴുതി തന്ന കാര്യത്തിന്റെ സമയം വരുന്നതേയുള്ളൂ.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഈ സർക്കാരിന്റെ കാലത്ത് സഹകരണ ജനാധിപത്യം അട്ടിമറിക്കപ്പെടുകയാണ്. ഈ ഗവൺമെന്റ് 10.14AM ]അധികാരം ഏറ്റെടുത്തതിനുശേഷം ആദ്യം ചെയ്തത്, 14 ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണനസമിതികളെ പിരിച്ചുവിടാൻ ഓർഡിനൻസ് കൊണ്ടുവന്നതാണ്. സുപ്രീംകോടതി വിധിയും തെരെഞ്ഞെടുപ്പ് ചട്ടങ്ങളുമെല്ലാം ലംഘിച്ചുകൊണ്ടാണ് ഇപ്പോൾ നിയമിതരായിരിക്കുന്ന ജില്ലാ ബാങ്ക് അഡ്മിനിസ്ട്രേറ്റർമാരും റിട്ടേണിംഗ് ഓഫീസർമാരും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. സ്ഥാനാർത്ഥികൾക്ക് ഇതുവരെ വോട്ടർ പട്ടിക കൊടുക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് മാത്രമല്ല മേൽവിലാസമില്ലാത്ത സംഘങ്ങളെ വീണ്ടും ചേർത്തുകൊണ്ടിരിക്കുകയുമാണ്. ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ ലക്ഷ്യംവയ്ക്കുന്നത് ജനാധിപത്യപരമായി തെരെഞ്ഞെടുപ്പ് നടത്തുന്നതിനുപകരം എങ്ങനെയും അട്ടിമറി നടത്തി യു.ഡി.എഫ്-ന് ഈ സ്ഥാനങ്ങളിൽ ജയം കണ്ടെത്തുക എന്നുള്ളതാണ്. സഹകരണ മേഖലയിൽ മാത്രമല്ല, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്ഥിതി എന്താണ്; എം.എൽ.എ.- മാരുടെ അവകാശമല്ലേ അവരുടെ ഒരു പ്രതിനിധിയെ ദേവസ്വം ബോർഡിലേക്ക് തെരഞ്ഞെടുത്ത് അയയ്ക്കുകയെന്നുള്ളത്? എം.എൽ.എ.-മാരുടെ, നിയമസഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

അധികാരമാണ് ഈ ഗവൺമെന്റ് കവർന്നെടുത്തിരിക്കുന്നത്. ജനാധിപത്യത്തെ അട്ടിമറിച്ചിരിക്കുകയാണ്. ഒരു ഓർഡിനൻസിലൂടെ ഇവിടത്തെ എം.എൽ.എ.-മാരുടെ അവകാശം കവർന്നെടുക്കാൻ ശ്രമമുണ്ടായപ്പോൾ വമ്പിച്ച പ്രതിഷേധമുണ്ടായതിനെത്തുടർന്ന് അത് പിൻവലിച്ചു. പക്ഷേ, തെരഞ്ഞെടുപ്പ് നടത്തുന്നില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തെരഞ്ഞെടുപ്പ് നടത്തിയാൽ തോൽക്കുമെന്നതുകൊണ്ട് തെരഞ്ഞെടുപ്പ് നടത്തിയില്ല. നിയമസഭയുടെ പ്രതിനിധി ഇതുവരെ ദേവസ്വം ബോർഡിൽ എത്തിയിട്ടില്ല. സഹകരണ മേഖലയിലും ജയം ഉറപ്പാക്കുവാൻ വേണ്ടി ജനാധിപത്യത്തെ കശാപ്പുചെയ്യുകയാണ്. ഇത് വളരെ സുതാര്യമാണെങ്കിൽ ഇക്കാര്യത്തിൽ ചർച്ച നടത്തുവാൻ എന്തിനാണ് സർക്കാർ ഭയപ്പെടുന്നത്? അതുകൊണ്ട് ജനാധിപത്യത്തെ കശാപ്പുചെയ്ത് ഏതുതരത്തിലും ഈ മേഖലയെ പിടിച്ചടക്കുകയെന്ന ജനാധിപത്യവിരുദ്ധനയം സ്വീകരിക്കുന്ന സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും ഭരണസമിതിയെ പിരിച്ചുവിട്ടത് യഥാർത്ഥത്തിൽ
10.17.AM] സഹകരണ ജനാധിപത്യത്തിന് യോജിക്കുന്നതല്ലെന്ന് സ്വയം സമ്മതിക്കേണ്ടിയിരിക്കുകയാണ് ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി. അത് പിടിച്ചെടുക്കലല്ല, ജനാധിപത്യമാണെന്ന് പറഞ്ഞ് ആരെയെങ്കിലും വിശ്വസിപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമോ? ജനാധിപത്യം പുനഃസ്ഥാപിക്കലാണെന്ന് പറഞ്ഞാൽ ജനാധിപത്യം യു.ഡി.എഫ്-ന്റെ കയ്യിലാണോ? അധികാരത്തിൽ വരുമ്പോഴൊക്കെ നിങ്ങൾ അത് നടപ്പാക്കുവാൻ ശ്രമിക്കുന്നുവെന്നാണ് പറയുന്നത്. ഏതായാലും ലിക്വിഡേറ്റ് ചെയ്ത സഹകരണ സംഘങ്ങളുടെ ലിസ്റ്റ് എല്ലാ ജില്ലാ സഹകരണ ബാങ്കുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്, അത് കൊല്ലത്തുമുണ്ട്. പിരിച്ചുവിട്ടിട്ട് വർഷങ്ങളായി പ്രവർത്തിക്കാതിരിക്കുന്ന സംഘങ്ങളുടെ പേര് അതിനകത്തുണ്ട്. അതെങ്ങനെ കടന്നുകൂടി? മനഃപൂർവ്വം അവരെയെല്ലാം ഉൾപ്പെടുത്തിയതാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചശേഷം ഈ വിഷയം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി; സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

മി. സ്പീക്കർ: സഭ അല്പസമയം വേണമെങ്കിൽ നിർത്തിവയ്ക്കാം. കാരണം, ഒരുപാട് ആളുകൾക്ക് സംസാരിക്കുവാനും സൗഹൃദം പുലർത്താനുമുണ്ട്. അതെല്ലാംകഴിഞ്ഞ് പിന്നീട് ചേരാം. അതാണ് നല്ലത്. ഇങ്ങനെ എന്തിനാണ് സഭ ചേരുന്നത്? നിങ്ങളാരും മോശക്കാരല്ല.

LIBRARY ARCHIVES Kerala Legislative Assembly